**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.262     28.10.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം മിഷൻ

| ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ; | (എ) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെതടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് പ്രാഥമിക തലത്തിൽ തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഒ.പി.സമയം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുക, സ്വകാര്യതയോടുകൂടിയ പരിശോധനാമുറി സജ്ജമാക്കുക തുടങ്ങിയ സംവിധാനങ്ങളും തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിലുള്ള തസ്തികകൾ സൃഷ്ടിച്ച് ടി ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക, താലൂക്ക് ആശുപത്രികളെ മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുക അടിസ്ഥാന സൗകര്യ വികസനം ഡോക്ടർമാർ അടക്കമുള്ള ആധുനിക ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക മുതലായവയാണ് ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിൽ ഏർപ്പെടുത്തി വരുന്നത്. താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ഒ.പി.ട്രാൻസ്ഫർമേഷൻ, ഡയാലിസിസ് സൗകര്യം, കാത്ത് ലാബ് എന്നീ സംവിധാനങ്ങളും ഏർപ്പെടുത്തി വരുന്നു. |
| (ബി) | റാന്നി നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഏതൊക്കെ ആശുപത്രികളെയാണെന്ന് വ്യക്തമാക്കാമോ; എന്തൊക്കെ പദ്ധതികളാണ് ഇവിടെ ഓരോ ആശുപത്രിയിലും നടപ്പാക്കുന്നതെന്നും ആശുപത്രിയുടെ പേരും ആവിഷ്കരിക്കുന്ന പദ്ധതിയും ഇവയുടെ നിലവിലെ സ്ഥിതി സഹിതം വിശദമാക്കാമോ; | (ബി) | റാന്നി നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളും നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.<br><br>1. കുടുംബാരോഗ്യ കേന്ദ്രം - വടശ്ശേരിക്കര - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർണ്ണസ്ഥിതിയിൽ പ്രവർത്തിക്കുന്നു.<br><br>2. കുടുംബാരോഗ്യ കേന്ദ്രം - കോട്ടാങ്ങൽ - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | 3. കുടുംബാരോഗ്യ കേന്ദ്രം - എഴുമറ്റൂർ - സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br>4. കുടുംബാരോഗ്യ കേന്ദ്രം - വെച്ചൂച്ചിറ - ഡി.പി.ആർ. പരിശോധിച്ചു വരുന്നു.<br>5. കുടുംബാരോഗ്യ കേന്ദ്രം - തെള്ളിയൂർ - ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>6. കുടുംബാരോഗ്യ കേന്ദ്രം - നാറാണംമൂഴി - ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. കുടുംബാരോഗ്യ കേന്ദ്രം - പഴവങ്ങാടി - നിലവിലുള്ള കെട്ടിടം ഉപയോഗ യോഗ്യമല്ലാത്തതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.<br>8. താലൂക്കാശുപത്രി - റാന്നി - ഒ.പി.ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുന്നതിനായി പുതുക്കിയ ഡി.ആർ.ആർ. തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | മലയോര മേഖലയായ റാന്നിയിലെ പി.എച്ച്.സി. കളിൽ കൂടുതൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ റാന്നിയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ